Circular No. 143
Catechism Sunday
2013

Catholic Metropolitanís House
P.B. No. 71, Kottayam -686 001
Kerala, India

Date: 17 - 11 - 2013

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

2013 ഡിസംബർ 8-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസപരിശീലനദിനമായി ആചരിക്കുകയാണ്. "ക്രിസ്തീയവിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും ക്രിസ്തുവിശ്വാസികളെ നയിക്കുകയെന്ന ലക്ഷ്യത്തോടെ ക്രിസ്തീയ വിശ്വാസ സംഹിതയെ അധികരിച്ച് മാമ്മോദീസാ സ്വീകരിച്ചവർക്കായി സഭ നൽകുന്ന ക്രമാനുഗതവും സമഗ്രവുമായ പ്രബോധന പ്രക്രിയയാണ് വിശ്വാസപരിശീലനം" (സീറോ മലബാർ സഭയുടെ മതബോധന ഡയറക്ടറി) ദൈവാരാധന കഴിഞ്ഞാൽ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷയാണ് വിശ്വാസപരിശീലനം. നമ്മുടെ അതിരൂപതയിൽ ഈ വലിയ ശുശ്രൂഷയിൽ തീഷ്ണതയോടെ ഏർപ്പെട്ടിരിക്കുന്ന ബഹു. വൈദികരെയും സന്യാസിനികളെയും വിശ്വാസ പരിശീലകരായ അദ്ധ്യാപകരേയും നന്ദിപൂർവ്വം അനുസ്മരിക്കുകയും ആശംസകൾ അറിയിക്കുകയും പ്രത്യേകമായി അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു : "ശൈശവത്തിൽതന്നെ നടക്കേണ്ടവഴി പരിശീലിപ്പിക്കുക, വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല" (സുഭാ. 22,6). നന്നേ ചെറുപ്പത്തിൽതന്നെ മതപരവും സദാചാരപരവുമായ അടിസ്ഥാനം കുട്ടികൾക്ക് കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ആരംഭകാലത്തെ അറിവും അനുഭവവും കുട്ടിയുടെ മനസിൽ എന്നും മായാതെ നിൽക്കും. അതുകൊണ്ടുതന്നെ കുട്ടികളുടെ വിശ്വാസപരിശീലനം ആരംഭിക്കുന്നത് 5-6 വയസ്സിൽ തുടങ്ങുന്ന സൺഡേ വേദപാഠ ക്ലാസുകളിലല്ല എന്ന കാര്യം വളരെ വ്യക്തമാണ്. അതുപോലെ തന്നെ വർഷത്തിലെ ഞായറാഴ്ചകളിൽ ലഭിക്കുന്ന ഏതാനും തുച്ഛമായ മണിക്കൂറുകളിലൂടെ ഒരു വ്യക്തിയുടെ ജീവിതാവസാനം വരെ നിലനിൽക്കേണ്ടതും നിത്യജീവിതത്തിലേയ്ക്ക് അവനെ കൈപിടിച്ച് നയിക്കേണ്ടതുമായ എല്ലാ പ്രബോധനങ്ങളും വിശ്വാസപരിശീലന ക്ലാസുകളിലൂടെ നൽകാനാകും എന്ന് പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. മക്കളുടെ ആദ്യത്തെ മതാധ്യാപകർ മാതാപിതാക്കന്മാരാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം ഇത്തരുണത്തിൽ കൂടുതൽ പ്രസക്തമാകുന്നു. മക്കളുടെ ജനനത്തിന് മുമ്പുതന്നെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണെന്ന ഉറച്ച ബോധ്യത്തിൽ അവരെ തങ്ങളുടെ ജീവിതത്തിലേയ്ക്ക് സ്വീകരിക്കാനും ദൈവഹിതമനുസരിച്ച് വളർത്തിക്കൊണ്ടുവരുവാനുമുള്ള താൽപര്യം മാതാപിതാക്കൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

കുട്ടികളെ നന്നേ ചെറുപ്പത്തിൽതന്നെ ക്രിസ്തീയ വിശ്വാസത്തിന്റെ ബാലപാഠങ്ങളിലേയ്ക്ക് നയിക്കുകയെന്ന കർത്തവ്യം മാതാപിതാക്കളിൽ നിക്ഷിപ്തമാണ്. അക്ഷരജ്ഞാനം സാധാരണമല്ലാതിരുന്ന കാലത്തുപോലും പഴയ തലമുറ അത് കൃത്യമായി നിർവ്വഹിച്ചുപോന്നു. അപ്പനും അമ്മയും വല്ല്യപ്പനും വല്ല്യമ്മച്ചിയുമൊക്കെ പറഞ്ഞു പഠിപ്പിച്ച ഈശോയുടെ അത്ഭുതപ്രവർത്തികളുടെ വിവരണങ്ങളും ആദിമാതാപിതാക്കളുടെയും ഇസ്രയേൽ ജനത്തിന്റെയും ദൈവാനുഭവത്തിന്റെ കഥകളും വിശുദ്ധരുടെ ജീവിത കഥയുമൊക്കെ കേട്ടു പരിചയിച്ച കുട്ടികളാണ് വേദപാഠക്ലാസ്സുകളിൽ എത്തിയിരുന്നത്. കൈവശമുള്ള മുന്നറിവുകളെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പാഠം പകരാൻ അദ്ധ്യാ

പകർക്ക് എളുപ്പം കഴിഞ്ഞിരുന്നു. മുതിർന്നവർ പറഞ്ഞുകൊടുത്ത കഥകളെ വിശദീകരിക്കുവാനും വീട്ടിൽ വച്ച് പഠിച്ച നമസ്കാരങ്ങളുടെ അർത്ഥം വ്യക്തമാക്കുവാനും വിശ്വാസപരിശീലകരായ അദ്ധ്യാപകർ ശ്രദ്ധിച്ചാൽ അതു മതിയായിരുന്നു. എന്നാൽ ഇന്ന് കാര്യങ്ങൾക്ക് കാതലായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. അണുകുടുംബങ്ങളിലെ മുതിർന്നവരുടെ അസാന്നിദ്ധ്യവും ജീവിതവ്യഗ്രതയിൽ നെട്ടോട്ടമോടുന്ന മാതാപിതാക്കളുടെ സമയക്കുറവും സാന്നിദ്ധ്യക്കുറവും അങ്ങനെ നിരവധിയായ കാരണങ്ങളാൽ ബൈബിൾകഥകളെക്കുറിച്ചോ അടിസ്ഥാന പ്രാർത്ഥനാ ജീവിതത്തെക്കുറിച്ചോ യാതൊരു മുന്നറിവുമില്ലാത്ത ധാരാളം കുട്ടികൾ വേദപാഠക്ലാസുകളിൽ എത്തുന്നുവെന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്.

എല്ലാ മാതാപിതാക്കൾക്കും അവരുടെ മക്കളെക്കുറിച്ച് സ്വപ്നങ്ങളുണ്ട്. അവർ പഠിച്ച് മിടുക്കരാകുന്നതും ഉന്നത ഉദ്യോഗം ലഭിക്കുന്നതും സമ്പത്തും പ്രശസ്തിയുമൊക്കെ അവരെ തേടിയെത്തുന്നതുമൊക്കെ ഈ സ്വപ്നത്തിന്റെ ഭാഗമാണ്. ഈ സ്വപ്നങ്ങളെക്കുറിച്ച് അവരുമായി സംസാരിക്കുവാനും അത് യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകുവാനും മാതാപിതാക്കൾ സദാ ജാഗരൂകരുമാണ്. എന്നാൽ ദൈവത്തിന്റെ ദാനമായ മക്കളെക്കുറിച്ച് ദൈവത്തിന് ഒരു സ്വപ്നമുണ്ടെന്നും അതെന്താണെന്ന് ധ്യാനപൂർവ്വം തിരിച്ചറിയാനും മാതാപിതാക്കൾ ശ്രമിക്കുന്നുണ്ടോ? മക്കളുടെ ഭാവിയെക്കുറിച്ചുള്ള ചിന്ത ഭൗതിക കാര്യങ്ങളിലേക്ക് മാത്രമായി ഒതുങ്ങുമ്പോൾ ജീവിതത്തിന്റെ ലക്ഷ്യം തന്നെ ഭൗതികനേട്ടങ്ങളാണ്, സാമ്പത്തിക വളർച്ചയാണ് എന്ന വികലമായ കാഴ്ചപ്പാട് അറിയാതെതന്നെ കുഞ്ഞുങ്ങളിലേയ്ക്ക് പകരുകയാണ്. തങ്ങളുടെ മക്കൾ ദൈവത്തിന് പ്രീതികരമായി വിശുദ്ധിയിൽ വളരുന്നതിനെക്കുറിച്ച് സ്വപ്നം കാണുവാനും ആഗ്രഹിക്കുവാനും അതിനുവേണ്ട പ്രോത്സാഹനം നൽകുവാനും മാതാപിതാക്കന്മാർക്ക് സാധിക്കണം.

മക്കൾക്ക് ഒരു കുറവും വരരുത് എന്നാഗ്രഹിച്ചുകൊണ്ട് എല്ലാം വാങ്ങി നൽകാൻ ശ്രദ്ധിക്കുമ്പോഴും അവർക്ക് ആവശ്യത്തിലധികം സാധനങ്ങളും സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുകയെന്ന തെറ്റിലേയ്ക്ക് മാതാപിതാക്കൾ എത്തിച്ചേരുന്നുണ്ടോയെന്നും ഉത്തരവാദിത്തപ്പെട്ട പല കാര്യങ്ങളിലും മാതാപിതാക്കൾ മക്കളാൽ നയിക്കപ്പെടുന്ന അപകടകരമായ അവസ്ഥ നമ്മുടെ കുടുംബങ്ങളിൽ സംജാതമാകുന്നുണ്ടോയെന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക സാമൂഹിക വളർച്ചയുടെ ഭാഗമായി കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങൾ വാങ്ങി നൽകി അവരെ സന്തോഷിപ്പിക്കുന്നതിൽ മത്സരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഭൗതിക സമ്മാനങ്ങൾ വഴി സ്നേഹം വിലയ്ക്കു വാങ്ങാനുള്ള മത്സരമായോ മിക്കപ്പോഴും തങ്ങളെത്തന്നെ കൊടുക്കാത്തതിനുള്ള ഒരു പരിഹാരമായോ ഇത് കരുതപ്പെടുന്നുണ്ടോ എന്നും ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. മക്കൾക്ക് നൽകാൻ സാധിക്കുന്ന ഏറ്റവും വലിയ സമ്മാനം മാതാപിതാക്കൾ തമ്മിലുള്ള പരസ്പര സ്നേഹവും കരുതലും പരിഗണനയും വിശ്വസ്തതയുമാണെന്നുള്ള ഉറച്ച ബോധ്യം ദമ്പതികൾക്കുണ്ടാകണം. സ്നേഹവും സന്തോഷവും ആത്മീയതയും നിറഞ്ഞുനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളർന്നുവരുവാൻ കുട്ടികൾക്ക് സാഹചര്യമൊരുക്കണം. മാതാപിതാക്കൾ ഒന്നിച്ച് പ്രാർത്ഥിക്കുന്നതും അവർ ഒന്നിച്ച് പള്ളിയിൽ വിശുദ്ധ കുർബ്ബാനയ്ക്ക് പോകുന്നതും സ്നേഹത്തിൽ ആയിരിക്കുന്നത് കാണുകയും ചെയ്യുന്ന കുട്ടിയാണ് ലോകത്തിൽ ഏറ്റവും വലിയ സമ്മാനം ലഭിക്കുന്നവൻ. ഒരു പ്രബോധനത്തിനും കൈമാറാൻ പറ്റാത്ത പാഠം അതിൽ നിന്ന് അവൻ പഠിക്കും. വീട് കുഞ്ഞുങ്ങളുടെ സന്തോഷത്തിന്റെ ഉറവിടമാകുവാൻ മാതാപിതാക്കൾ തങ്ങളാൽ കഴിയുന്നതൊക്കെ ചെയ്യണം. ജീവിതകാലം മുഴുവൻ അത് അവർക്ക് സന്തോഷത്തിന്റെ ഓർമ്മയാകണം. നമ്മുടെ കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിനായി വിലയേറിയ സമയവും ഊർജ്ജവും ചെലവഴിക്കുന്ന വേദപാഠ അദ്ധ്യാപകരുമായി മാതാപിതാക്കൾ കൂടുതൽ സഹകരിക്കേണ്ടിയിരിക്കുന്നു. വിശ്വാസപരിശീലകരോടുള്ള

ആദരവ് കുടുംബവേദികളിൽ ചർച്ച ചെയ്യുകയും മാതാപിതാക്കളും വിശ്വാസപരിശീലകരും തമ്മിൽ നല്ല ബന്ധങ്ങൾ കരുപ്പിടിപ്പിക്കുകയും ചെയ്യണം. വിശ്വാസപരിശീലന ക്ലാസുകളിൽ ലഭിക്കുന്ന അറിവുകൾ കുട്ടികൾ എത്രമാത്രം സ്വാംശീകരിക്കുന്നുവെന്നും ഈ അറിവുകൾ എത്രമാത്രം അവരുടെ ബോധ്യങ്ങളുടെ ഭാഗമാകുന്നുവെന്നും ക്രൈസ്തവനിലപാടുകൾ കൈക്കൊള്ളുവാനുതകുന്ന വളർച്ചയിലേയ്ക്ക് എത്തിച്ചേരുവാൻ അവരെ സഹായിക്കുന്നുണ്ടോ എന്നൊക്കെ വിലയിരുത്തേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണ്. മക്കളുടെ വിശ്വാസപരിശീലന പാഠപുസ്തകം തുറന്ന് വായിച്ച് പരിചയപ്പെടാനും ഉള്ളടക്കത്തെക്കുറിച്ച് അവരുമായി ചർച്ച ചെയ്യുവാനും മാതാപിതാക്കൾ സമയം കണ്ടെത്തണം. ആത്മശോധനയോടുകൂടിയ സായാഹ്നപ്രാർത്ഥന മാതാപിതാക്കളും മക്കളും ഒരുമിച്ച് നടത്തുന്നത് വിശ്വാസപരിശീലനത്തിന് ഏറ്റവും സഹായകരമായ കാര്യമാണ്.

മക്കളെ സ്നേഹിക്കുകയെന്നാൽ അവർക്ക് ദൈവത്തെ കൊടുക്കുക എന്നാണർത്ഥം. ദൈവത്തിന്റെ മനസ്സറിഞ്ഞ് മക്കളെ വളർത്തുവാൻ, സ്വർഗ്ഗം സ്വപ്നം കണ്ട് വളരാൻ മക്കളെ പരിശീലിപ്പിക്കാൻ എല്ലാ മാതാപിതാക്കൾക്കും കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വി. മരിയ ഗൊരേത്തി തന്റെ അമ്മയായ അസുന്തയെക്കുറിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക : "അമ്മ പറഞ്ഞു തരുന്നത് പഠിക്കുവാൻ അമ്മയുടെ മാതൃക ധാരാളം മതിയായിരുന്നു. മക്കളായ ഞങ്ങൾ എങ്ങനെ ജീവിക്കണമെന്ന് അമ്മ ആഗ്രഹിച്ചുവോ അപ്രകാരമാണ് എന്റെ അമ്മ ജീവിച്ചിരുന്നത്". ഇപ്രകാരം തങ്ങളുടെ മാതാപിതാക്കളെക്കുറിച്ച് പറയുവാൻ നിങ്ങളുടെ മാതൃകകൾ കണ്ട് വളരുവാൻ നമ്മുടെ കുടുംബങ്ങളിലെ ഓരോ മക്കൾക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു.

വിശ്വാസപരിശീലനം ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണ് എന്ന ബോധ്യത്തോടെ അനുദിനം ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെട്ടുവളരുവാൻ എല്ലാ വിശ്വാസികൾക്കും ഈ വിശ്വാസപരിശീലനദിനം പ്രചോദനമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

✠ മാർ മാത്യു മൂലക്കാട്ട്

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

N.B. : ഈ സർക്കുലർ 2013 ഡിസംബർ 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രക്കാഴ്ച വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.